**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 649** **09-08-2023 - ൽ മറുപടിയ്ക്ക്**

**മണിമല നാളികേര പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ മണിമലയിലെ നാളികേര പാർക്ക് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; ഈ പ്രവൃത്തിയുടെ കരാർ എന്നാണ് പ്രാബല്യത്തിൽ വന്നതെന്നും ആയത് എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കാമോ; | (എ) | കുറ്റ്യാടി നാളികേര പാർക്കിന്റെ ചുറ്റുമതിൽ, ഗേറ്റ്, സുരക്ഷാ ക്യാബിൻ, അനുബന്ധ ജോലികൾ മുതലായ നിർമ്മാണ പ്രവർത്തികൾക്കുള്ള കരാർ നൽകി. പ്രവൃത്തി പുരോഗമിക്കുന്നു. കൂടാതെ പ്രവൃത്തിയുടെ ഭാഗമായി പ്രാഥമിക സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.<br><br>പ്രവൃത്തി ഏപ്രിൽ 2024-ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് |
| (ബി) | നാളീകേര പാർക്കിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുതകുന്ന തരത്തിൽ പുതുതായി ഏതൊക്കെ പ്രവൃത്തികൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നും ഈ പ്രവൃത്തികൾ എന്ന് പൂർത്തീയാക്കാനാണ് വിഭാവനം ചെയ്യുന്നത് എന്നും വിശദമാക്കാമോ; | (ബി) | വ്യവസായങ്ങൾക്ക് പാട്ടക്കരാർ അടിസ്ഥാനത്തിൽ പ്ലോട്ടുകൾ അനുവദിക്കുന്നതിന് കിറ്റ്കോ തയ്യാറാക്കിയ മാസ്റ്റർപ്ലാൻ ആസ്പദമാക്കി റോഡ്, ഡ്രെയിനേജ്, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തികൾ 2025-ൽ പൂർത്തിയാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ വ്യവസായ സംരംഭങ്ങൾക്ക് മാസവാടക അടിസ്ഥാനത്തിൽ നല്കുവാനുതകുന്ന മാതൃകാ വ്യവസായ കെട്ടിട സമുച്ചയം നിർമ്മിക്കാനും പദ്ധതിയുണ്ട്. |
| (സി) | മണിമല നാളീകേര പാർക്കിൽ വ്യവസായ സംരംഭകരെ ക്ഷണിക്കുന്നതിന് എന്നാണ് തുടക്കം കുറിക്കാൻ സാധിക്കുക എന്ന് വ്യക്തമാക്കാമോ? | (സി) | 2025 മാർച്ച് മാസത്തോടെ വ്യവസായ സംരംഭകരെ ക്ഷണിക്കുന്നതിനു തുടക്കം കുറിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു . |

സെക്ഷൻ ഓഫീസർ